പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 618 | 3.3.2020 -ൽ മറുപടിയ്ക്ക്

## കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് കമ്പനി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് കമ്പനി (കെ.ടി.ഐ.എൽ.) എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; | എ) | കേരളത്തിന്റെ ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ പ്രോത്സാഹനത്തിനുമായി 1989-ൽ രൂപീകരിക്കപ്പെട്ട ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2010-ൽ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആണ് കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് കമ്പനി (കെ.ടി.ഐ.എൽ.) സ്ഥാപിതമായത്. |
| ബി) | കമ്പനി രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | ബി) | കേരള സംസ്ഥാനത്തിന്റെ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള പ്രവർത്തനങ്ങളും ഈ രംഗത്തെ നിക്ഷേപ പ്രോത്സാഹനവും ആണ് കെ.ടി.ഐ.എൽ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) | കെ.ടി.ഐ.എൽ. രൂപീകരണം സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ഏതൊക്കെ തരത്തിൽ മുതൽക്കൂട്ടാകുമെന്ന് അറിയിക്കുമോ; | സി) | വിനോദസഞ്ചാരമേഖലയിലെ മാറുന്ന അഭിരുചികൾക്ക് അനുസൃതമായി പുതിയ ടൂറിസം ഉത്പന്നങ്ങൾ കണ്ടെത്തി വികസിപ്പിച്ച് നടപ്പിലാക്കേണ്ടത് കേരളത്തിന്റെ ടൂറിസം ആകർഷണീയത നിലനിർത്തുവാൻ അത്യന്താപേക്ഷിതമാണ്. കെ.ടി.ഐ.എൽ വഴിയാണ് ഇതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. താജ് ഗ്രൂപ്പുമായി ചേർന്ന് കൊച്ചി, കുമരകം, വർക്കല എന്നിവിടങ്ങളിൽ സംയുക്തസംരംഭ മാതൃകയിൽ ആരംഭിച്ച ഹോട്ടൽ പദ്ധതികൾ വിനോദസഞ്ചാരമേഖലയിലെ പൊതു- |

| | | | |
|---|---|---|---|
| | | | സ്വകാര്യ പങ്കാളിത്തത്തിന്റെ ആദ്യ കാൽവെപ്പുകളിലൊന്നാണ്. കോഴിക്കോട് ജില്ലയിലെ സരോവരം ബയോപാർക്ക് പദ്ധതി, തലശ്ശേരിയിലെ ഓവർസീസ് ഫോളി, സീവ്യൂ പാർക്ക്, സെന്റിനറി പാർക്ക് പദ്ധതികൾ എന്നിവയും കെ.ടി.ഐ.എൽ-ന്റെ നേതൃത്വത്തിൽ മുൻപ് പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യവികസനപദ്ധതികളിൽ ഉൾപ്പെട്ടവയാണ്. നൂതന ടൂറിസം ഉത്പന്നങ്ങളായ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ്, വാട്ടർ ടാക്സി ബോട്ട് സർവ്വീസുകൾ, വിഞ്ച് ഓപ്പറേറ്റഡ് ബീച്ച് പാരാസെയിൽ തുടങ്ങിയവ കെ.ടി.ഐ.എൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന പദ്ധതികൾ ആണ്. കൂടാതെ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂരിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതി, കണ്ണൂർ വിമാനത്താവളവികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കൽ, മടവൂർപാറ ടൂറിസം മേഖലാവികസന പദ്ധതി, വേളി ടൂറിസം വികസനം, 2019 ലെ പുതുക്കിയ CRZ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ടൂറിസം പ്ലാൻ തയ്യാറാക്കൽ മുതലായവ കെ.ടി.ഐ.എൽ ഏറ്റെടുത്തിട്ടുള്ള പുതിയ പദ്ധതികളിൽ ചിലതാണ്. ഇത്തരത്തിൽ വിനോദസഞ്ചാരമേഖലയിൽ ആവശ്യമായി വരുന്ന നൂതന ചുവടുവെയ്പുകൾക്ക് മുതൽക്കൂട്ടാവുന്നവയാണ് കെ.ടി.ഐ.എൽ വഴി നടപ്പാക്കപ്പെടുന്ന വിവിധ പദ്ധതികൾ. |
| ഡി) | കെ.ടി.ഐ.എൽ. കമ്പനിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ; | ഡി) | തുടർച്ചയായ വർഷങ്ങളിൽ സർക്കാരിന് ലാഭവിഹിതം നൽകിവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണ് കെ.ടി.ഐ.എൽ കൂടാതെ എല്ലാവർഷവും വകുപ്പ് തലത്തിലും മന്ത്രിതലത്തിലും വിവിധ അവസരങ്ങളിലായി പ്രവർത്തന വിലയിരുത്തലുകൾ നടത്താറുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ ലഭ്യമാവുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ കൂടി വെളിച്ചത്തിലാണ് കെ.ടി.ഐ.എൽ.ന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത്. |
| ഇ) | കമ്പനിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | ഇ) | അടിസ്ഥാന സൗകര്യവികസനം, മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, നൂതന ടൂറിസം ഉത്പന്നങ്ങളുടെ കണ്ടെത്തലും വികസനവും തുടങ്ങി വിപുലമായ മേഖലകളിലേക്ക് കമ്പനിയുടെ പ്രവർത്തന മേഖല നിലവിൽ വിപുലീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ